LIBRARY ARCHIVES Kerala Legislative Assembly

## കൃഷിവകുപ്പിലെ പദ്ധതികൾക്കുള്ള കേന്ദ്ര വിഹിതം

**141 (4176)** ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കഴിഞ്ഞ സാമ്പത്തിക വർഷം കേന്ദ്ര വിഹിതമായി കൃഷി വകുപ്പിന്റെ കീഴിലുള്ള പദ്ധതികൾക്ക് എത്ര തുക വീതമാണ് ലഭിച്ചത് ;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുവാൻവേണ്ടി എത്ര തുകയാണ് സംസ്ഥാന സർക്കാർ ചെലവാക്കിയത് ;

(സി) ഈ വർഷം ഏതെല്ലാം പദ്ധതികൾക്ക് എത്ര തുക വീതം അനുവദിച്ചു ; ഇതിൽ സംസ്ഥാന വിഹിതം എത്രയാണ് ;

(ഡി) സംസ്ഥാന വിഹിതത്തിന് ബഡ്ജറ്റിൽ എത്ര തുകയാണ് അനുവദിച്ചിരുന്നത് ?

ഉത്തരം

(എ & ബി) അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു.*

(സി) ഈ സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി തുകയൊന്നും അനുവദിച്ചിട്ടില്ല. എന്നാൽ ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെ ആവശ്യമായ സംസ്ഥാന വിഹിതത്തിന്റെയും വിവരം അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു*

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക കേന്ദ്ര വിഹിതം വിനിയോഗിക്കുന്നതിനായി വകയിരുത്തിയിട്ടുള്ളതാണ്. അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു.*

## കൃഷി ഡയറക്ടറേറ്റിലെ ഒഴിവുകൾ

**142 (4177)** ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി ഡയറക്ടറേറ്റിലെ എൽ.ഡി.സി., എൽ.ജി.എസ്., എൽ.ഡി. ടൈപ്പിസ്റ്റ് എന്നീ തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് അറിയിക്കുമോ ; ഈ ഒഴിവുകൾ എല്ലാം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയുണ്ടായോ ; വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത തസ്തികകളിൽ ഒഴിവുകൾ ഇനിയും റിപ്പോർട്ട് ചെയ്യാത്ത തസ്തികകൾ ഏതൊക്കെയാണെന്നും എന്നത്തേക്ക് പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയുമെന്നും അറിയിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) കൃഷി ഡയറക്ടറേറ്റിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവ ഒഴികെയുള്ള ഒഴിവുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

| | | |
|---|---|---|
| 1. എൽ.ഡി. ക്ലർക്ക് | - | 8 |
| 2. എൽ.ഡി. ടൈപ്പിസ്റ്റ് | - | 1 |
| 3. എൽ.ജി.എസ്. | - | 1 |

ഇവയിൽ എൽ.ജി.എസ്.-ന്റെ ഒഴിവ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആശ്രിത നിയമനം, അന്തർജില്ലാ സ്ഥലം മാറ്റം, താഴ്ന്ന തസ്തികകളിലുള്ള ജീവനക്കാരുടെ സ്ഥാനകയറ്റം തുടങ്ങിയവ മുഖേന നികത്തേണ്ടവ യാകയാൽ എൽ.ഡി.ക്ലർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലെ മേൽ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയുന്നവയല്ല.

## കൃഷി അസിസ്റ്റന്റുമാരുടെ സ്ഥാനക്കയറ്റം

**143 (4178)** <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വകുപ്പ് ഡയറക്ടറുടെ ഉത്തരവ് നമ്പർ SD (1) 26167/2011 തീയതി 2-8-2012 പ്രകാരം കൃഷി ഓഫീസർമാരായി സ്ഥാനക്കയറ്റം ലഭിച്ച കൃഷി അസിസ്റ്റന്റുമാർക്കുവേണ്ടി പുതിയ കൃഷി ഓഫീസർ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) മേൽ ഉത്തരവ് പ്രകാരമുള്ള സ്ഥാനക്കയറ്റം സംബന്ധിച്ച് ഏതെങ്കിലും കോടതികളിലോ ട്രിബ്യൂണലിലോ കേസ് നിലവിലുണ്ടോ ; ഇതിൽ സർക്കാർ സത്യവാങ്മൂലം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ;

(സി) കൃഷി അസിസ്റ്റന്റുമാരുടെ പ്രൊമോഷൻ സംബന്ധിച്ച് സ്പെഷ്യൽ റൂൾ നിലവിലുണ്ടോ ; മേൽഉത്തരവ് പ്രകാരമുള്ള പ്രൊമോഷൻ സ്പെഷ്യൽ റൂൾ അനുസരിച്ചാണോ നടത്തിയതെന്ന് വ്യക്തമാക്കുമോ ?



LIBRARY ARCHIVES Kerala Legislative Assembly